മാധ്യമം
07 November 2025



സി.എം.എഫ്.ആർ.ഐയിൽ നടന്ന ആഗോള മറൈൻ സിമ്പോസിയം 'മീകോസ്-4'ന്റെ സമാപന സമ്മേളനം കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ ഉദ്ഘാടനം ചെയ്യുന്നു

## ആഗോള മറൈൻ സിമ്പോസിയം

# മത്സ്യമേഖലയിൽ ആവാസവ്യവസ്ഥ അധിഷ്ഠിത മാനേജ്മെന്റ് രീതികൾ വേണം

**കൊച്ചി:** സമുദ്ര സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം ഉറപ്പാക്കുന്നതിന് ആവാസവ്യവസ്ഥ അധിഷ്ഠിത മാനേജ്മെന്റ് രീതികൾക്ക് പ്രാമുഖ്യം നൽകണമെന്ന് ആഗോള മറൈൻ സിമ്പോസിയം. സി.എം.എഫ്.ആർ.ഐയിൽ സമാപിച്ച ത്രിദിന സിമ്പോസിയം ഇന്ത്യയുടെ ബ്ലൂ ഇക്കോണമി ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ മുന്നോട്ടുവെച്ചു. വനിത ശാക്തീകരണം, സ്റ്റാർട്ടപ് പ്രോത്സാഹനം, കടൽ മത്സ്യക്കൃഷി വികസനത്തിന് നയരൂപവത്കരണവും പൊതു-സ്വകാര്യ പങ്കാളിത്തവും കാലാവസ്ഥ വ്യതിയാന പ്രതിരോധ നടപടികൾ, കോൾഡ് ചെയിൻ സംവിധാനം ശക്തിപ്പെടുത്തൽ, നിർമിത ബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളുടെ ഉപയോഗം തുടങ്ങിയവ പ്രധാന നിർദേശങ്ങളാണ്.

സി.എം.എഫ്.ആർ.ഐയുമായി സഹകരിച്ച് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് സിമ്പോസിയം സംഘടിപ്പിച്ചത്. ആഗോള വിദഗ്ധർ, നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ, ഗവേഷകർ എന്നിവർ പങ്കെടുത്തു.

സമാപന സമ്മേളനം കുഫോസ് വൈസ്ചാൻസലർ ഡോ. എ. ബിജുകുമാർ ഉദ്ഘാടനംചെയ്തു. തീരദേശ സമൂഹത്തിന്റെ ഉന്നമനത്തിനും മത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിനും മേഖലയിലെ വിവിധ ഏജൻസികൾ തമ്മിൽ പരസ്പര സഹകരണം വേണമെന്ന് അദ്ദേഹം പറഞ്ഞു. സിമ്പോസിയത്തിൽ ഉയർന്ന ശിപാർശകൾ രാജ്യത്തിന്റെ ബ്ലൂ ഇക്കോണമിയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

### ധ്രുവപ്രദേശങ്ങളിൽ നാലുമടങ്ങ് വേഗത്തിൽ ചൂട് കൂടുന്നു

**കൊച്ചി:** ധ്രുവപ്രദേശങ്ങൾ ആഗോള ശരാശരിയേക്കാൾ നാലിരട്ടി വേഗത്തിൽ ചൂടുപിടിക്കുകയാണെന്ന് മറൈൻ ശാസ്ത്രജ്ഞർ കൊച്ചിയിൽ സമാപിച്ച ത്രിദിന സിമ്പോസിയത്തിൽ മുന്നറിയിപ്പ് നൽകി. ഇത് സമുദ്ര ആവാസവ്യവസ്ഥയിൽ വിവിധ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. കടലിലെ മഞ്ഞുരുകൽ ധ്രുവമേഖലയിലെ മാത്രം ആശങ്കയല്ലെന്നും അത് ആഗോള പ്രശ്നമാണെന്നും നാഷനൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച് ഡയറക്ടർ ഡോ. തമ്പാൻ മേലോത്ത് പറഞ്ഞു. ധ്രുവ മഞ്ഞുപാളികൾ ഇല്ലാതാകുന്നത് സമുദ്രജലനിരപ്പ് ഉയരുന്നതിന് കാരണമാകും.

ഇത് ഉഷ്ണമേഖല തീരങ്ങളെ നേരിട്ട് ബാധിക്കുകയും അറബിക്കടലിലെ ചുഴലിക്കാറ്റ് രൂപപ്പെടുന്നത് ശക്തിപ്പെടുത്തുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഡോ. ശുഭ്ദീപ് ഘോഷ്, ഡോ. വി.വി. സുഗുണൻ, ഡോ. പി. ജയശങ്കർ, ഡോ. രേഖ ജെ. നായർ സംസാരിച്ചു.